## തിരുവനന്തപുരം, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (എ &റ്റി) നടപടിക്രമം

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II - അന്തർജില്ലാ സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി - അന്തർജില്ല സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ജി.ഒ(പി) 36/91/പി.&എ.ആർ.ഡി തീയതി. 02/12/1991.

2. ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭ്യമായ അന്തർജില്ല സ്ഥലംമാറ്റത്തിനായുള്ള ഒഴിവു വിവരങ്ങൾ , ജീവനക്കാരുടെ അപേക്ഷകൾ.

## ഉത്തരവ് നമ്പർ : EG3/11533/2024 തീയതി: 29-08-2024

അന്തർ ജില്ല സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ച താഴെപറയുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ജീവനക്കാരെ അവരുടെ പേരിന് നേരെ കാണിച്ചിരിക്കുന്ന ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് ജോലിചെയ്യുന്ന സ്ഥാപനം | നിലവിലെ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി | സ്ഥലംമാറ്റം അനുവദിച്ച ജില്ല | അഭിപ്രായം |
|---|---|---|---|---|
| 1. | ശ്യാംലാൽ.എസ്.ബി<br>എഫ്.എച്ച്.സി താഴേക്കോട്<br>മലപ്പുറം | 16/05/2018 | തിരുവനന്തപുരം | |
| 2. | അൻവർ.കെ.സി<br>എഫ്.എച്ച്.സി വള്ളിത്തോട്<br>കണ്ണൂർ | 27/02/2019 | എറണാകുളം | |
| 3. | രബിത.എ.എസ്<br>എഫ്.എച്ച്.സി വാഴവറ്റ<br>വയനാട് | 07/03/2019 | തൃശ്ശൂർ | |

മേൽ ജീവനക്കാർ അനുവദിച്ചിരിക്കുന്ന ജില്ലയിൽ പ്രവേശിക്കുന്ന ദിവസം മുതൽ ആ ജില്ലയിലെ ഏറ്റവും ജൂനിയർ ആയ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ജീവനക്കാരനായി കണക്കാക്കേണ്ടതാണ്. കൂടാതെ സ്ഥാപന മേധാവികൾ അന്തർജില്ല സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി അന്തർജില്ല സ്ഥലംമാറ്റം നേടിയ വിവരം ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഉചിതമായ

സ്ഥലത്തേക്ക് സ്ഥലംമാറ്റ ഉത്തരവ് അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകേണ്ടതുമാണ്.

ജീവനക്കാരുടെ അപേക്ഷ പ്രകാരം നടത്തുന്ന സ്ഥലംമാറ്റം ആയതിനാൽ, നിലവിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച ജീവനക്കാർക്ക് യാതൊരു കാരണവശാലും അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ് റദ്ദ് ചെയ്യുന്നതല്ല.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്. കൂടാതെ വിടുതൽ പ്രവേശന തീയതികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

**Signed by Jayasree V**
**Date: 29-08-2024 13:59:39**

DR. JAYASREE V
ADDITIONAL DIRECTOR OF HEALTH SERVICES
**അഡിഷണൽ ഡയറക്ടർ (എ &റ്റി)**
**ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്**

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാരൻ

പകർപ്പ് :

1. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ്സൈറ്റ്
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
   മലപ്പുറം,കണ്ണൂർ,വയനാട്,തിരുവനന്തപുരം,എറണാകുളം,തൃശ്ശൂർ
3. സൂപ്രണ്ട് ES സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ